**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കോട്ടയം ജില്ല പാമ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.731/2018/തസ്വഭവ തീയതി, തിരുവനന്തപുരം,17.03.2018

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.10.2013-ലെ ഇ 5-(എസ് സി 13/13/ഇആർകെ)20249/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 04.11.2013-ലെ 12618/ഡി3/2013/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 28.03.2014-ലെ 75672/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം

4. ശ്രീ. ജോൺ കെ. തോമസ് സമർപ്പിച്ച 08.07.2014-ലെ പ്രതിവാദ പത്രിക

5. പഞ്ചായത്ത് ഡയറക്ടറുടെ 13.08.2015, 15.10.2016 എന്നീ തീയതികളിലെ ഡി5-17367/2014 നമ്പർ കത്ത്

6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.08.2017-ലെ എവിഎസ്.4011/2014 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിലെ കെട്ടിട നികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യപ്പെട്ടപ്പോൾ സെക്രട്ടറി നല്കിയില്ലെന്നും കെട്ടിടങ്ങളുടെ നികുതി നിശ്ചയിച്ചതിലെ അപാകം മൂലം സർക്കാരിന് വലിയ സാമ്പത്തിക നഷ്ടമുണ്ടായെന്നും ആരോപിച്ചുകൊണ്ട് പാമ്പാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റും മറ്റ് 9 പേരും സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാമ്പാടി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ പാമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജോൺ കെ. തോമസിന് പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. ജോൺ കെ. തോമസ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 20.11.2011-ലെ സ.ഉ.(സാധാ) നം 2414/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും ഇതിനായി സമയക്രമം നിശ്ചയിക്കുകയും ചെയ്തിരുന്നുവെന്നും വസ്തു നികുതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ നിലവിലുള്ള നിരക്കിൽ നികുതി ഈടാക്കാനും നടപടിക്രമങ്ങൾ പൂർത്തിയാക്കി പുതുക്കിയ നികുതി ഈടാക്കിത്തുടങ്ങുന്ന മുറയ്ക്ക് പഴയനിരക്കിൽ ഈടാക്കിയതിലെ അപാകം (കൂടുതൽ/കുറവ്) പിന്നീട് ഒടുക്കുന്ന നികുതിയിൽ അഡ്ജസ്റ്റ് ചെയ്യാവുന്നതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ പഴയ നിരക്കിലുള്ള വാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയാലും, പിന്നീട് ഇത് പുതുക്കിയ നികുതിയിൽ അഡ്ജസ്റ്റ് ചെയ്യാമെന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഫയൽ ഹാജരാക്കാത്തത് സംബന്ധിച്ച് സെക്രട്ടറി എന്ന നിലയിൽ ഒരു ഫയലും താൻ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലെന്നും ഫയലുകൾ അതാത് സെക്ഷനിൽ തന്നെയാണ് കൈകാര്യം ചെയ്യുന്നതെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആവശ്യപ്രകാരമുള്ള ഫയൽ ഹാജരാക്കാതെയിരുന്നിട്ടില്ലെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുക്കുന്നതിനും മിനിട്സ് രേഖപ്പെടുത്തുന്നതിനും ഓഫീസ് ഉത്തരവുപ്രകാരം

ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ കൃത്യമായി ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ജോൺ. കെ. തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റാരോപണം ഉന്നയിച്ചിട്ടുള്ള ക്രമനമ്പർ 1, 2, 3 കെട്ടിടങ്ങൾ വസ്തുനികുതി പരിഷ്കരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിനു ശേഷം നികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ വാർഷിക വാടക മൂല്യപ്രകാരമുള്ള ടി നികുതി നിർണ്ണയം നിയമാനുസൃതമല്ല എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സുകൾ പരിശോധിച്ചതിൽനിന്നും നികുതി നിർണ്ണയം സംബന്ധിച്ച വിവിധ ഫയലുകൾ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗുകളിൽ പരിശോധിച്ചിട്ടുള്ളതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാൻ 31.12.2016-ൽ സേവനത്തിൽനിന്ന് വിരമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ജോൺ കെ. തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറി ഫയൽ നല്കാത്തതു സംബന്ധിച്ച ആരോപണം നിലനിൽക്കുന്നതാണെന്ന് കാണുന്നില്ല. കൂടാതെ വിജ്ഞാപനത്തിനു ശേഷവും ടിയാൻ വാർഷിക മൂല്യനിർണ്ണയ നിരക്കിലാണ് നികുതി ഈടാക്കിയതെങ്കിൽപ്പോലും പിന്നീട് പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നാൽ ഇത് അഡ്ജസ്റ്റ് ചെയ്യാൻ സർക്കാർ ഉത്തരവിൽ വ്യവസ്ഥയുള്ളതിനാൽ ഇത് പുനർനിർണ്ണയിച്ച് ടി തുക ഈടാക്കാമെന്നതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി കരുതാനാവില്ല. കൂടാതെ പുതുക്കിയ നിരക്കിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. ജോൺ. കെ. തോമസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാനെ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ജോൺ കെ. തോമസ്, മുൻ സെക്രട്ടറി, പാമ്പാടി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3-426/2017-വിജി. തീയതി 24.01.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/344/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ